# പശ്ചിമൊദയം മാസിക

1848 സെപ്റ്റംബർ

# പശ്ചിമൊദയം

**മാസിക**

## 1848 സപ്തമ്പ്ര

**താളിളക്കം**

**2020**

പേര്: **പശ്ചിമൊദയം 1848 സപ്തമ്പ്ര**

ഭാഷ Malayalam

വിഭാഗം: മാസിക

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# പശ്ചിമൊദയം

നമ്പ്ര ഒന്നിന്നു ൨ പൈസ വില

൧൨. നമ്പ്ര തലശ്ശെരി ൧൮൪൮. സപ്തമ്പ്ര

**ഭൂമിശാസ്ത്രം (തുടച്ച്)**

**ഭാരത ഖണ്ഡം –വ്യ., ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടച്ച്)**

പറങ്കികൾ മലയാളത്തിൽ വന്ന നാൾ മുതൽ രൊമ മതം എങ്ങും പ്രസിദ്ധമാക്കി നടത്തുവാൻ ഉത്സാഹിച്ച പയ മഠ സന്യാസികളെയും കൂട്ടികൊണ്ടു വന്നു നയം കൊണ്ടും ഭയം കൊണ്ടും മലയാള നിവാസികളെ രൊമ ക്രിസ്ത്യാനികളാക്കിയതി നാൽ കൊച്ചി തുരുവിതാങ്കൊട്ട മുതലായ രാജ്യങ്ങളിൽ ഇന്നുവരെയും ആ മത ക്കാർ പെരുകി വസിക്കുന്നു കൊച്ചിയിൽ നിന്നു അല്പം കൊഴക്കൊട്ടുള്ള പരാപു ഴയിൽ പാൎക്കുന്ന അദ്ധ്യക്ഷൻ നാട്ടിൽ ചിതറി ഇരിക്കുന്ന രൊമസഭകളെ ഭരിച്ചു പാതിരികളെ വളൎത്തി ഒരൊ സ്ഥലങ്ങളിലെക്കയച്ചു രൊമ മതാചാരങ്ങളെ നട ത്തിച്ചു കൊണ്ടുമിരിക്കുന്നു– നസ്രാണികൾ പലരും പുരാണ വിശ്വാസം ഉപെക്ഷി ച്ചു കച്ചവട ലാഭം വിചാരിച്ചും പറങ്കികൾ സ്ഥാപിച്ച അന്വെഷണ സംഘങ്ങളെ ഭയപ്പെട്ടും കൊണ്ടു രൊമ മതക്കാരായി തീൎന്നിരിക്കുന്നു–

ഈ നസ്രാണികൾ കെരളത്തിൽവന്ന പ്രകാരംപ റയുന്നു അപ്പൊസ്തലനായ തൊമാ ഹിന്തു രാജ്യത്തൊളം വന്നു കൊടുങ്ങല്ലൂരിലും എത്തി സുവിശെഷം അറിയിച്ചു എറിയ ആളുകളെ വിശ്വസിപ്പിച്ചു ബ്രാഹ്മണരുടെ □ ഷ്യകൊണ്ടു രക്തസാക്ഷിയായി കഴിഞ്ഞു എന്ന പാരമ്പൎയ്യ വൎത്തമാനത്തിലും നസ്രാണി കൾ നമസ്കാരങ്ങളിൽ സ്തുതിച്ചു വരുന്ന കഥകളിലും മറ്റും എത്ര സത്യമുണ്ടെന്നു ദൈവത്തിന്നറിയാം– ക്രിസ്തുവിന്റെ സുവിശെഷം പുരാണ കാലത്തിൽ □ രാജ്യ ത്തൊളം പരന്നു വന്നു എന്നതിന്നു സംശയം ഇല്ല മിസ്രയിലെ ശാസ്ത്രിയായ പന്തെനൻ ൧൯൦ ക്രി. അ. പുറപ്പെട്ടു കിഴക്കെ രാജ്യങ്ങളിൽ സുവിശെഷമറി യിച്ചു □ ഖണ്ഡത്തൊളം വന്നപ്പൊൾ എബ്രയ സുവിശെഷവും ക്രിസ്തുമാൎഗ്ഗത്തിന്റെ അടയാളങ്ങൾ ചിലതും ഇവിടെ കണ്ടിരിക്കുന്നു–

അക്കാലം □ നാട്ടുകാർ കപ്പൽ വഴിയായി പൊയി അന്യ രാജ്യങ്ങളെ കണ്ടു വി ശെഷങ്ങളെ അറിഞ്ഞു മടങ്ങി വരുവാറായിരുന്നു– എഴിമയിൽ തന്നെ അന്യമത ക്കാർ വന്നു കിഴിഞ്ഞു കൊലത്തിരിയെ മാൎഗ്ഗത്തിൽ കൂട്ടിയപ്പൊൾ അവൻ മാടാ യി നഗരത്തിലും മറ്റും പള്ളികളെ എടുപ്പിച്ചു മതക്കാൎക്ക അങ്ങാടികളെയും തീൎ ത്തു പരശുരാമന്റെ ദ്വെഷ്യം ജ്വലിച്ചിട്ടു സ്ഥാനഭ്രഷ്ടനായി കുറയ തെക്കൊട്ടുപൊ യി വളൎഭട്ടത്തെ പള്ളിയെയും പട്ടണത്തെയും തീൎത്തു പാൎക്കയും ചെയ്തു– എന്നു

കെരളമഹാത്മ്യത്തിൽ പറഞ്ഞു കെൾക്കുന്നു— ഈ വന്നവർ സത്യക്രിസ്ത്യാനികളൊ വല്ല വെദങ്കള്ളരൊ എന്നു നിശ്ചയിപ്പാൻ പാടില്ല—പാസിക്കാരനായ മണി സ്വദെശത്തിൽ നടപ്പായിക്കണ്ട ദ്വന്ദ്വജ്ഞാനത്തെ വിടാതെ ക്രിസ്തവചനത്തൊടു കലൎത്തി സത്യത്തിന്റെ ഛായയും കരെറ്റിയാറെ ഇക്കരെക്കും മറ്റും ശിഷ്യന്മാരെ ചെൎത്തുകൊള്ളുന്ന ദൂതരെ അയച്ചു.൨൭൦ ക്രി.അ.ആയവർ മലയാളത്തിൽ വൎദ്ധിച്ചു മണിഗ്രാമം ഊരിനെ ഉണ്ടാക്കി എന്നു ചിലരുടെ പക്ഷം—

അതിന്റെ ശെഷം അരീയൻ എന്നൊരു മിസ്രക്കാരൻ ദൈവപുത്രൻ സ്രഷ്ടാവല്ല സൃഷ്ടികളിൽ ആദിസൃഷ്ടി അത്രെ പറഞ്ഞു സഭയിൽ എങ്ങും ഛിദ്രമുണ്ടാക്കി ൩൨൦ക്രി.അ.വിവാദം തീൎത്തു ഐക്യമത്യം വരുത്തുവാൻ കൊൻസ്തന്തിൻ ചക്രവൎത്തിയുടെ കല്പനയാലെ മെത്രാന്മാർ നാലുദിക്കിൽ നിന്നു വന്നു നിരൂപിച്ച കൂട്ടത്തിൽ പാസി ഹിന്തൂ രണ്ടു ഖണ്ഡത്തിന്നും മെത്രാനായ യൊഹനാൻ എന്നൊരുത്തൻ ചെരുകയും ചെയ്തു—ദൈവപ്രിയൻ എന്നൊരു ദ്വീപുക്കാരൻ സ്വരാജാവിൻ കല്പനയാലെ ൩൩൦.ക്രി.അ. രൊമമണ്ഡലത്തിൽ പൊയി പാൎത്തു അവിടെ നടക്കുന്ന അറിവു പൊരുൾ ഒക്കെ ഗ്രഹിച്ചു അരീയപുളിപ്പു ചിലതു വെദത്തൊടു കലൎന്നു ഹിന്തു ഖണ്ഡത്തിലെക്ക മടങ്ങിയാറെ ക്രിസ്തീയ കച്ചവടക്കാരൊടും നാട്ടുകാരൊടും സുവിശെഷം തന്റെ അറിവിൻപ്രകാരം ഉപദെശിച്ചു കൊണ്ടുവന്നു ൩൫൦.ക്രി.അ. മറ്റും പല പ്രകാരത്തിൽ സത്യസൂൎയ്യന്റെ രശ്മികൾ ചിലതു നാട്ടിൽ പറ്റീട്ടുണ്ടായിരിക്കും—

അനന്തരം യെശുവിന്റെ അമ്മ ദെവമാതാവല്ല മനുഷ്യപുത്രന്നു മാതാവത്രെ എന്നു സുറിയാണി നസ്തൊൎയ്യൻ വെദപ്രകാരം ഉപദെശിക്കുമ്പൊൾ ൪൨൦.ക്രി.അ. സഭകൾക്ക പിന്നെയും വാഗ്വാദം ഉണ്ടായതിനാൽ സുറിയാണികൾ മിക്കവാറും നിരൂപിച്ചാറെ യെശുവെക്കാളും അമ്മയെ എറ്റവും ബഹുമാനിക്കുന്ന യവനസഭയെ വിട്ടുപിരിഞ്ഞു നസ്തൊൎയ്യന്റെ ഉപദെശം കൈക്കൊണ്ടു പാസി സഭക്കാരും അവരുടെ പക്ഷം നിന്നു മലയും കടലും കടന്നു അറിവില്ലാത്ത ജാതികൾക്ക ദൈവബൊധം വരുത്തുവാൻ തുടങ്ങി— ഇപ്രകാരം നസ്തൊൎയ്യർ കിഴക്കെ ദിക്കുകളിൽ പരന്നു വൎദ്ധിക്കുംകാലം അവരിൽകൂടിയ കൊസ്മാ എന്ന സന്യാസി കപ്പൽ വഴിയായി സിംഹളദ്വീപിലും മുളകുണ്ടാകുന്ന ഈ മലനാട്ടിലും വന്നു അനെക പള്ളികളെയും മൂപ്പരെയും കണ്ടുപുറപ്പെട്ടു തുളുനാട്ടിലെ കല്യാണപുരിയിൽ എത്തുമ്പൊൾ പാസിയിൽനിന്നു അയച്ച ഒരു മെത്രാൻ അവിടെ ഉണ്ടു എന്നറിഞ്ഞപ്രകാരം സ്വദെശക്കാൎക്ക എഴുതി ബൊധിപ്പിക്കയും ചെയ്തു— കച്ചവടക്കാർ സുറിയ നാട്ടിൽ നിന്നുണ്ടാകകൊണ്ടു സുറിയാണികൾ എന്ന പെർ നടപ്പായി വന്നു— നസ്രത്തുരിൽ നിന്നു പുറപ്പെട്ടു പൊന്ന യെശുവിനെ സെവിക്കയാൽ നസ്രാണികൾ എന്ന പെർ പറവാൻ കാരണം— ഈനസ്തൊൎയ്യർ അല്ലാതെ അവൎക്ക ശത്രുക്കളായ വകക്കാ

രും മലയാളത്തിൽ വന്നു— അവർ ക്രിസ്തുവിന്ന മനുഷത്വവും ദെവത്വവും ഉണ്ടെന്ന ല്ല ദൈവം മനുഷ്യനായവതരിച്ച നാൾ മുതൽ അവൻ ശരീരവും ആത്മാവും സകല വും ദൈവമയം എന്നുവെച്ച എകസ്വരൂപക്കാർ എന്നപെർ എടുത്തു വദ്ധിച്ചശെ ഷം യാകൊബ എന്ന സന്യാസി ൫൫൦.ക്രി.അ. അവരുടെ പള്ളികളെനൊക്കി വിചാരിച്ച അന്ത്യൊക്യയിൽ ഒരു പത്രീയക്കാവിനെ സ്ഥാപിച്ചതിനാൽ ആമത ഭെദത്തിന്നുയാകൊബ്യർ എന്ന നാമം വരികയും ചെയ്തു— അവരും മലയാളത്തിൽ വന്നു പാത്തു അന്ത്യൊക്യയിൽ നിന്നും മിസ്രയിൽനിന്നും ഉപദെഷ്ടക്കാന്മാർ കൂ ടക്കൂടവന്നു അവരുടെ സഭകളെ നടത്തും—

ഇപ്രകാരം നസ്രാണികളും മറ്റും എകദെശം ൨൦൦—൩൦൦ ക്രി.അ. കൂടക്കൂട  മല യാളത്തിൽ വന്നു എന്നു തൊന്നുന്നു— അവർ വടക്കെ പാസി മുതൽ തെക്കെ ഈഴത്തൊളം കച്ചവടം നടത്തി കാലക്രമത്തിൽ സമ്പത്തു എറവദ്ധിച്ചു വിശ്വാ സികളുടെ എണ്ണം വളരുകയും ചെയ്തു— അവരുടെ ചരിത്രം മുഴുവനും ഈ ഭൂമിശാ സ്ത്രത്തിൽ പറഞ്ഞുകൂടാ ലൊകമാനവും ധനമാഹാത്മ്യവും കാക്ഷിച്ചു അവർ വി ശ്വാസ സ്നെഹങ്ങളിൽ ക്രമത്താലെ കുളിൎന്നു ക്രിസ്തവചനം മറന്നു അവരുടെ തല വനായ രവികൊൎത്തന്നു എകദെശം ൭൫൦.ക്രി.അ. മണിഗ്രാമത്തിലെ രാജത്വവും ദെശാനുഭവവും പരദെശ വ്യാപാരികളിൽ ശ്രെഷ്ഠതയും ചെരമാൻ ലൊക പ്പെരു ഞ്ചെട്ടിയാൻ എന്ന പെരും വന്നതിനാൽ അജ്ഞാനത്തെ ഉറപ്പിക്കുന്ന രാജാക്ക ന്മാരെയും കപടം കൊണ്ടുജീവനം കഴിക്കുന്ന ബ്രാഹ്മണരെയും രസിപ്പിക്കെണ്ടി വന്നു സുറിയാണി വാക്കശ്രെഷ്ഠം എന്നുവെച്ചു ഇതത്രെ പള്ളികൾക്ക കൊള്ളാം എന്നു നസ്രാണികൾ നിശ്ചയിച്ചു മലയായ്മയിൽ ക്രിസ്തരഹസ്യങ്ങളെ പറവാനും കെൾപാനും ഇടവന്നില്ല– കത്തനാർ ആകുന്നു മൂപ്പന്മാൎക്ക വെദവും ശെഷിച്ചവ ൎക്ക രാമായണം മുതലായ കാവ്യങ്ങളും വശമായാൽ മതി എന്ന ഞായം ഉണ്ടായി നായന്മാൎക്ക ഒത്ത അഭിമാനം കൂട വദ്ധിച്ചതിനാൽ ജാതി ഭെദവും സംഭവിച്ചു ക്രിസ്തുങ്കലെ വിശ്വാസം വളരാതെ ജാതി മൎയ്യാദകളെയും വിട്ടു ലക്ഷണം, ശകുനം, ഒടി, ആഭിചാരം, മുതലായ വിദ്യകളെയും അഭ്യസിച്ചു അജ്ഞാനികൾ എന്ന പൊ ലെ ശ്രാദ്ധം ഊട്ടുക നെയ്യിൽ വിരൽ മുക്കുക മുതലപ്പുഴ നീന്തി കടക്ക മഴുച്ചുട്ടെടുക്ക ഓണ ദിവസം പടക്കളിക്ക അങ്കം കുറെച്ചു മരിക്ക ഇങ്ങിനെയുള്ള ആചാരങ്ങളെ യും ആശ്രയിച്ചു നാട്ടുകാരൊടിണങ്ങി വന്നു– ഇപ്രകാരം അവർ ആത്മരക്ഷയെ വിചാരിയാതെ ലൌകികഭൊഗികളും ദുൎന്നടപ്പുകാരുമായി പൊയതിനാൽ ദൈ വം തല്ക്കാലത്ത അവൎക്കശിക്ഷയും താഴ്ചയും വരുത്തി ഇരിക്കുന്നു—

## കെരളപഴമ

### ൨൧– പശെകു പെരിമ്പടപ്പിന്റെ രാജ്യം രക്ഷിച്ചതുടങ്ങിയത്–

അൾ്ബുകെക്ക് മലയാളത്തിൽ നിന്നു വിട്ടുപൊകുമ്മുമ്പെ പൊൎത്തുഗാലിൽ ചങ്ങാതിയായ കൊയപക്കി കൊഴിക്കൊട്ടു നിന്നു വൎത്തമാനം അറിയിപ്പാൻ ചൊല്ലിവിട്ടതി പ്രകാരം– ആപത്തുവരുമാറുണ്ടു  യാണ്ടെ മഴക്കാലം പെരുമാരി യായ്തീരും നമ്പിയാതിരി സമാധാന രക്ഷെക്കായി അദ്ധ്വാനിക്കുന്നു എങ്കിലും താ മൂതിരിയും മാപ്പിള്ളമാരും ശെഷം മഹാലൊകരും വെള്ളക്കാരെ ഒടുക്കിക്കളവാൻ നിശ്ചയിച്ചിരിക്കുന്ന കൊലത്തിരിയും വെണാടടികളും തക്കം നൊക്കി സഹായി ക്കും സൂക്ഷിച്ചു നൊക്കുവിൻ– എന്നതുകെട്ടാറെ അൾ്ബുകെക്ക് പൊൎത്തുഗീസ സ്ഥാനികളൊടു മന്ത്രിച്ചാറെ കരയിൽ പാൎപ്പാൻ ആൎക്കും മനസ്സായില്ല വിലാ ത്തിക്ക പൊകെണം എന്നു എല്ലാവൎക്കും അത്യാഗ്രഹം ജനിച്ചു– പശെകു മാത്രം കൊച്ചിക്കൊട്ടയെ രക്ഷിപ്പാൻ സന്തൊഷത്തോടെ ഭരം ഏറ്റപ്പൊൾ അൾബുകെ ക്ക രൊഗികളും മറ്റും ആകെ ൧൮൦ വെള്ളക്കാരെ കൊട്ടയിലും രണ്ടുപടവിലും പാ ൎപ്പിച്ചു കപ്പലുകളിൽ ചരക്കു മുഴുവനാകാഞ്ഞതകൊണ്ടു (൧൫൦൪– ജനവരി.൩൧) കൊച്ചിയിൽ നിന്നു ഒടി കണ്ണനൂരിൽ നിന്നു അല്പം ഇഞ്ചി വാങ്ങി കരെറ്റി അയ്യൊ ദൈവമെ പശെകിലും കൂട്ടരിലും കനിഞ്ഞു കടാക്ഷിക്കെണമെ എന്നു പലരും പ്രാ ൎത്ഥിച്ചുകൊണ്ടിരിക്കെ വിഷാദത്തൊടും കൂട യുരൊപക്കായി മടങ്ങി ഓടുകയും ചെയ്തു–

പശെകു കണ്ണനൂരിൽനിന്നു അരിയും മറ്റും വാങ്ങി കൊച്ചിക്കു വന്ന് എത്തിയ പ്പൊൾ പെരിമ്പടപ്പ് നൈരാശ്യം പൂണ്ടു വലയുന്നു എന്നു കെട്ടു വളരെ ഘൊഷ ത്തൊടെ കുടിക്കാഴ്ചെക്കു ചെന്നാറെ എന്തു പറഞ്ഞിട്ടും രാജാവിന്നു പ്രസാദം വരു ത്തുവാൻ വഹിയാതെ ആയി ഒടുവിൽ രാജാവ് പറഞ്ഞു പട ഉണ്ടായാൽ നി ങ്ങൾ കൊല്ലത്തൊ കണ്ണനൂരിലൊ എവിട വാങ്ങി പാൎപ്പാൻ മനസ്സാകുന്നു എന്നെ ചതിക്കരുതെ. സത്യമെ പറയാവു എന്നു കണ്ണീർ ഒലൊല വാൎത്തു പറഞ്ഞത് കെട്ടപ്പൊൾ–പശെകു ക്രൊധം നടിച്ചു ഇത് ഒക്ക മാപ്പിള്ളമാരുടെ ചതിവാക്കു സം ശയം എന്തിന്നു താമൂതിരി വരട്ടെ ൧൫൦ പൊൎത്തുഗീസരും എകനായ ക്രിസ്തുവും ഒരു ഭാഗത്തുതന്നെ നിന്നാൽ എതു മാറ്റാനെയും തടുപ്പാൻ മതിയാകും എന്നു പറ ഞ്ഞു കൊച്ചിയെ രക്ഷിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു– അന്നു താമൂതിരി പക്ഷത്തിൽ നില്ക്കുന്ന ഒരു വലിയ കച്ചവടക്കാരൻ ഉണ്ടു ഇസ്മാലി മറക്കാർ എന്നു പെർ അവൻ അരി വരുത്തിനെ മുടക്കി ഓരൊരൊ ഭയ വൎത്തമാനം പറഞ്ഞു നടത്തി പട്ടണ ക്കാൎക്ക് ഓടി പൊവാൻ സംഗതി വരുത്തിയപ്പൊൾ പശെകു കച്ചവടക്കാർ എല്ലാ വരെയും വരുത്തി താമൂതിരി കടവ് കടക്കാതെ ഇരിക്കെണ്ടതിന്നു ഞാൻ തന്നെ നെരിടും അതുകൊണ്ടു നിങ്ങൾ സ്വസ്ഥരായിരിക്കെണം പൊവാൻ വിചാരിക്കു

ന്നവനെ ഞാൻ ളുക്കം എന്നിങ്ങിനെ കണ്ണു ചുകപ്പിച്ചു കല്പിച്ചാറെ എല്ലാവരും ശങ്കിച്ചടങ്ങി പശെകുരാപ്പകൽ പട്ടണത്തിൽ ചുറ്റി കാത്തുകൊണ്ടു ഇടപ്പള്ളി മുതലായ ദെശങ്ങളിലും പൊയി തീക്കൊടുത്തു പശുക്കളെയും തൊണികളെയും കൈക്കൽ ആക്കി പൊരുമ്പൊൾ മാപ്പിള്ളമാർ ഇവൻ ഒരു മാതിരി പിശാച ആകുന്നു എന്നു നിരൂപിച്ചു വെറുതെ പാക്കയും ചെയ്തു–

## ൨൨– താമൂതിരിയുടെ വമ്പട–

൧൫൦൪ മാച്ച ൧൬ാം. താമൂതിരി സന്നാഹങ്ങളൊട്ടു കൂട ഇടപ്പള്ളിയിൽ എത്തി എന്നു കെട്ടപ്പൊൾ പശെകു ൬ാം ചില്വാനം പറങ്കികളെ കൊട്ടയിൽ പാപ്പിച്ചു ശെഷമുള്ളവരൊടു കൂട താൻ പള്ളിയിൽ ചെന്നു ആരാധന കഴിഞ്ഞ ഉടനെ തൊണികളിൽ കരെറി കൊയിലകം മുമ്പാകെ എത്തുകയും ചെയ്തു– അന്നു പെരുമ്പടപ്പിന്നു ൫൦൦൦ നായന്മാർ ഉള്ളരിൽ ൫൦൦ പെരെ തെരിഞ്ഞെടുത്തു പശെകിന്റെ വശത്ത എല്പിച്ചു ഇവരെ നടത്തെണ്ടുന്നവർ കണ്ടകൊരു എന്നും പെരിങ്കൊരു എന്നും ഉള്ള കൊയിലധികാരികളും പള്ളുരുത്തി കൈമളും അടവിൽ പണിക്കരും അത്രെ– രാജാവ് കരഞ്ഞു അവരെ യുദ്ധത്തിന്നു വിട്ടയച്ചപ്പൊൾ പശെകിനൊടു നിങ്ങളുടെ ജീവരക്ഷെക്കായിട്ടു നൊക്കുവിൻ എന്നു പറഞ്ഞാറെ ആയവൻ ചിരിച്ചു നിങ്ങൾ എണ്ണം വിചാരിച്ചു ഭയപ്പെടുന്നു ഞങ്ങളുടെ ദൈവം കല്ലല്ലഅല്ലൊ എന്നു പറഞ്ഞു പുറപ്പെട്ടു ശനിയാഴ്ച രാവിലെ കമ്പലം കടവിൽ എത്തി താമൂതിരിയുടെ ആൾ ചുരുക്കമാക കൊണ്ടു വെഗം കയറി അനെകം പശുക്കളെ അറുപ്പാനായി കൊണ്ടുപൊകയും ചെയ്തു– അതിനാൽ കൊച്ചി നായന്മാർ വളരെ ദുഃഖിച്ചു പൊരുമ്പൊൾ പട നാൾ കുറിക്കെണ്ടതിന്നായി ഒരു പട്ടർ വന്നു താമൂതിരിയുടെ കല്പനയാൽ നാളെ പട ഉണ്ടാകും എന്നും നിന്നെ കൊല്ലും എന്നും അറിയിച്ചു അതിന്നു പശെകു നിങ്ങടെ ജ്യൊതിഷാരികൾക്ക കണക്കു തെറ്റിപൊയി നാളയല്ലൊ ഞങ്ങളുടെ മഹൊത്സവത്തിലെ ഒന്നാം ഞായറാഴ്ച എന്നു പറഞ്ഞു ആയുധക്കാരെ അറിയിച്ചു അവരും രാത്രി മുഴുവനും അഹങ്കരിച്ചും കളിച്ചും രാവിലെ സ്വൎഗ്ഗരാജ്ഞിയെ വിളിച്ചു പ്രാൎത്ഥിച്ചു പടെക്കായി ഒരുമ്പെടുകയും ചെയ്തു–

അപ്പൊൾ താമൂതിരിയുടെ മഹാസൈന്യം കടവിങ്കൽ എത്തുന്നതു കണ്ടു– മുമ്പെതന്നെ ഒടിപ്പൊയ ഇതല്യക്കാർ താമൂതിരിയുടെ കല്പനപ്രകാരം വാൎത്തുണ്ടാക്കിയ ൫ വലിയതൊക്കു വലിച്ചു കൊണ്ടുവരുന്നത് ആദിയിൽ കണ്ടു പിന്നെ നാലു രാജാക്കന്മാർ ൧൦ ഇടപ്രഭുക്കന്മാരൊടും കൂട നായന്മാർ വരുന്നതും കണ്ടു– അത ആർ എന്നാൽ ൧., താന്നൂർ രാജാവായ വെട്ടത്തുമന്നൻ ൪൦൦൦ നായന്മാർ

൨., ചുരത്തൊളം രക്ഷിച്ചു പൊരുന്ന കക്കാട്ടു നമ്പിടി ൧൨൦൦൦ നായന്മാർ (അവന്റെ

പെർ കണ്ടന്നമ്പിടി എന്നും കുക്കട രാജാവെന്നും പൊൎത്തുഗീസ പുസ്തകങ്ങളിൽ എഴുതി കാണുന്നുണ്ടു– ആർ എന്നു നിശ്ചയം ഇല്ല)–

൩., കൊട്ടയകത്തു് രാജാവ് ൧൨൦൦൦ നായർ (പുറനാട്ടുകര തമ്പുരാൻ)ർ., പൊന്നാനിക്കും കൊടുങ്ങല്ലൂരിന്നും നടുവിലെ നാടുവാഴുന്ന കുറിവക്കൊയിൽ ൩൦൦൦ നായർ–

(ഈ പെരിന്നും നിശ്ചയം പൊരാ– കുടിവ– ഗുരുവായി എന്നും മറ്റും ശബ്ദങ്ങൾ കൊള്ളുമായിരിക്കും)

ഇങ്ങിനെ ർ രാജാക്കന്മാർ നാലു കൊടികളിൻ കീഴിൽ ൩൬൦൦൦ ആയുധപാണികളായ നായന്മാരെ ചെൎത്തുകൊണ്ടു നെരിട്ടു വന്നു– ശെഷം ൧൦ ഇടപ്രഭുക്കന്മാരുടെ പെർ കാണുന്നതിപ്രകാരം–

കൊടുങ്ങല്ലൂർ വാഴുന്ന പടിഞ്ഞാറെ എടത്തു കൊയിൽ

ഇടപ്പള്ളി ഇളങ്കൊയിൽ നമ്പിയാതിരി–

ചാലിയത്തു വാഴുന്ന പാപ്പു കൊയിൽ–

വെങ്ങനാട്ടു നമ്പിയാതിരി–

വന്നലച്ചെരി നമ്പിടി–

വെപ്പൂർ വാഴുന്ന പാപ്പുകൊയിൽ–

പരപ്പനങ്ങാടി പാപ്പു കൊയിൽ–

മങ്ങാട്ടു നാട്ടു കൈമൾ–

ഇങ്ങിനെ ഉള്ള ൨൦൦൦൦ ചില്വാനം നായരും മാപ്പിള്ളമാരും അറവികളും കൊഴിക്കൊട്ടു നമ്പിയാതിരിയുടെ കുടക്കീഴിൽ യുദ്ധത്തിന്നായി അടുത്തു വന്നു– അതു കൂടാതെ ൧൬൦ പടകും ഉണ്ടു അതിൽ കരെറി വരുന്നവർ ൧൨൦൦൦ ആളൊളം ആകുന്നു ഇതല്യക്കാർ ഓരൊന്നിന്നു ൨ രണ്ടു തൊക്കുണ്ടാക്കി പടവിൽ വെച്ചു ഉറപ്പിച്ചു ദെഹരക്ഷെക്കായി പരുത്തി നിറെച്ച ചാക്കുകളെ ചുറ്റുംകെട്ടിച്ചു ൨൦ പടകുകളെ ചങ്ങലകൊണ്ടു തങ്ങളിൽ ചെൎത്തു പൊൎത്തുഗാൽ പടകു അതിക്രമിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു–

അന്നു പടകുകളിൽ നിന്നു വെടി വെപ്പാൻ തുടങ്ങുമ്പൊൾ തന്നെ കൊച്ചി നായന്മാർ മണ്ടിപ്പൊയി കണ്ടകൊരും പെരിങ്ങൊരും മാത്രം അഭിമാന്യം വിചാരിച്ചു പശെകിന്റെ അരികിൽ നിന്നു കൊണ്ടാറെ അവരെ തന്റെ പടവിൽ നിന്നുറുത്തി യുദ്ധം എല്ലാം കാണിച്ചുക്കയും ചെയ്തു– അങ്ങെ പക്ഷക്കാർ ക്രമം കൂടാതെ നെരിട്ടപ്പൊൾ എണ്ണം നിമിത്തം പൊൎത്തുഗാൽ ഉണ്ടകളെ കൊണ്ടു ആയിരം ചില്വാനം നായന്മാർ മരിച്ചു പൊൎത്തുഗീസർ ആരും മുറിവുകളാൽ മരിച്ചതും ഇല്ല– അസ്തമിച്ചാറെ കൊഴിക്കൊട്ടുകാർ ആവതില്ല എന്നുകണ്ടു മടങ്ങിപ്പൊയി പൊൎത്തുഗീസക്ക ആശ്വസിപ്പാൻ സംഗതി വരികയും ചെയ്തു– കണ്ടകൊരു

രാത്രിയിൽ തന്നെ കൊച്ചിക്ക പൊയി രാജാവെ അറിയിച്ച വിസ്മയം ജനിപ്പിക്കയും ചെയ്തു- അനന്തരം പെരിമ്പടപ്പു താൻ കമ്പലത്തിൽ കടവിൽ വന്നു പശെകിനെ അത്യന്തം മാനിക്കയും ചെയ്തു-
താമൂതിരി ബ്രാഹ്മണരൊടു ചൊടിച്ച തൊല്വിയുടെ കാരണം ചൊദിച്ചപ്പൊൾ ഭഗവതിക്ക അസാരം പ്രസാദക്കെടായിരുന്നു ഞങ്ങൾചെയ്ത കമ്മങ്ങളാൽ അത എല്ലാം മാറി ഞായറാഴ്ച ജയത്തിന്നു ശുഭദിവസം ആകുന്നു നിശ്ചയം എന്നു അവർ ബൊധിപ്പിച്ചു- ഇതു പെസഹ പെരുനാൾ ആകകൊണ്ടു പൊ꠰ ത്തുഗീസരും നല്ലനാൾ എന്നു വിചാരിച്ചു പാൎത്തു-ആ ഞായറാഴ്ചയിൽ തന്നെ (മാൎച്ച. ൨൫) തകൎത്ത പട ഉണ്ടായി പുഴ എല്ലാം രക്തമയമായി തീൎന്നു കടവു കടപ്പാ ൻകഴിവു വന്നതുമില്ല പാതി പടകുകൾ കൊച്ചികൊട്ട പിടിക്കെണ്ടതിന്ന രാത്രികാലത്തു തെക്കൊട്ട തിരിഞ്ഞ് ഒടിയാറെ പശെക ഉപായം അറിഞ്ഞു ഉടനെ വഴിയെ ചെന്നു കൊച്ചിക്കൊട്ടയരികിൽ അവരൊട് എത്തി വെടിവെച്ച ഛിന്നഭിന്നമാക്കുകയും ചെയ്തു-
ചൊവ്വാഴ്ചയിൽ മൂന്നാമതും വലിയപൊർ ഉണ്ടായാറെ ഇതല്യക്കാർ ഇരുവരും ഓരൊരൊ കൌശലം പ്രയൊഗിച്ചിട്ടും ജയം വന്നില്ല- ഉച്ചതിരിഞ്ഞിട്ടു ൨ നാഴികയായായാറെ താമൂതിരി ആവതില്ല എന്നു കണ്ടു നായന്മാർ മടങ്ങി വരെണം എന്നു കല്പിച്ചു- ആയവർ ബ്രാഹ്മണരുടെ കമ്മവും യൊതിഷവും എല്ലാം മായം എന്നു ദൂഷിച്ചും ശപിച്ചും പറഞ്ഞു പിൻവാങ്ങി നില്ക്കയും ചെയ്തു- കൊച്ചിക്കാർ മൂന്നു ജയങ്ങൾ നിമിത്തം വളരെ പ്രസാദിച്ച രാജാവും ഓരൊരൊ ഉത്സവം ഘൊഷിപ്പിക്കയാൽ മാപ്പിള്ളമാർ ഏറ്റവും ക്രുദ്ധിച്ച കൊല്ലത്തും കണ്ണനൂരിലും ഉള്ളവൎക്ക എഴുത്തയച്ച പൊൎത്തുഗീസർ അശെഷം തൊറ്റു പട്ടു പൊയി താമൂതിരി വരുവാറുണ്ടു എന്ന് അറിയിച്ചു- അതുകൊണ്ടു ആ രണ്ടു സ്ഥലങ്ങളിലും ചൊനകർ മത്സരിച്ച കാണുന്ന വെള്ളക്കാരെ കൊല്ലുവാൻ തുടങ്ങിയാറെ ചെട്ടികൾക്കവന്ന എഴുത്തിനാൽ താമൂതിരി തൊറ്റു എന്ന് എല്ലാടവും പ്രസിദ്ധമായി മാപ്പിള്ളമാർ നാണിച്ച് ഒതുങ്ങി പാൎത്തു പൊൎത്തുഗീസരിൽ ഒരുവന്നു മാത്രം കൊല്ലത്തങ്ങാടിയിൽ തന്നെ അപായം വന്നതെ ഉള്ളു- പെരിമ്പടപ്പിന്റെ അയൽവക്കത്തുള്ള ഇടവകക്കാരും കമ്മന്മാരും ഈ അവസ്ഥ ഒക്കയും വിചാരിച്ചാറെ താമൂതിരി പ്രമാണം അല്ല എന്നു തൊന്നി- അവരിൽ മങ്ങാട്ടു മൂത്ത കൈമൾ ഉണ്ടു അവൻ വൈപ്പിൽ വെച്ച ഉദാസീനായി പാൎത്തവൻ തന്നെ- അവൻ ഉടനെ രാജാവെ ചെന്നു കണ്ടു അല്പം ക്ഷാമം വന്ന പ്രകാരവും കെട്ടിരിക്കുന്നു എന്നാൽ കഴിയുന്നെടത്തൊളം ഞാൻ കൊണ്ടുവന്നിരിക്കുന്നു എന്നുപറഞ്ഞു നെല്ലും മറ്റും പല സാധനങ്ങളെയും തിരുമുമ്പിൽ കൊണ്ടു വെക്കുകയും ചെയ്തു-

നമ്പിയാതിരി ഇപ്പൊൾ സന്ധിച്ച മഴക്കാലത്തിന്നുമ്പെ മടങ്ങി പൊകെണം എന്നു താമൂതിരിയൊടു മന്ത്രിച്ചു മറ്റും പല സ്നേഹിതന്മാരും യുദ്ധം സമപ്പിക്കെണം എന്നു ബുദ്ധിനയം പറഞ്ഞു ഇടപ്പള്ളി പ്രഭുവൊ വിരൊധിച്ചു മാപ്പിള്ളമാരും ഇനി ചിലത് പരീക്ഷിക്കെണമെന്നു ചൊല്ലി സമ്മതം വരുത്തി പുതിയ യുദ്ധത്തിന്നു കൊപ്പിടുകയും ചെയ്തു

*F. Müller Editor*

പ്രസാധകർ

തളിർ സ്ക്കൂൾ